കശുവണ്ടിവ്യവസായം.

*355 MR. K. K. CHELLAPPAN PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ ?

(എ) കശുവണ്ടിയും കയറും സംബന്ധിച്ചുള്ള വ്യവസായങ്ങളിൽ വന്നിട്ടുള്ള മാന്ദ്യവും തന്മൂലം നാട്ടിൽ വന്നുചേർന്നിട്ടുള്ള സാമ്പത്തിക വൈഷമ്യങ്ങളെപ്പറ്റി ഗവണ്മെന്റിനു ബോധ്യം വന്നിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു ഗവണ്മെന്റ് എന്തെല്ലാം ചെയ്തിട്ടുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഉണ്ട്.

(ബി) ഈ സാധനങ്ങൾക്ക് ഇന്ത്യയിലും ഇന്ത്യക്കു പുറമെയും ചെലവു വർദ്ധിപ്പിക്കുന്നതിനും അങ്ങനെ നാട്ടിലുണ്ടായിരിക്കുന്ന സാമ്പത്തിക നിലയെ ഉയർത്തുന്നതിനും വേണ്ടി ഗവണ്മെന്റ് തങ്ങളുടെ സകല കഴിവുകളും പ്രയോജനപ്പെടുത്തി വരുന്നു.

MR. K. K. CHELLAPPAN PILLAI : അതിന്റെ ഫലം എന്തായി.

HON'BLE MR. T. K. NARAYANA PILLAI : അതിന് ഫലം ഒന്നും സിദ്ധിച്ചിട്ടില്ല. നിവേദനം സമർപ്പിച്ച അധികാരികളുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

എഫ്. ഐ. ആർ. കമ്പനി.

*356 MR. KALATHIL VELAYUDHAN NAIR (*Changanacherry, II—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) എഫ്. ഐ. ആർ. കമ്പനിക്കു വിട്ടുകൊടുത്തിട്ടുള്ള വനപ്രദേശത്തു തടിവെട്ടി എടുത്ത സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചു കഴിഞ്ഞ വർഷവും അതിനു മുൻപിലത്തെ വർഷവും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : (എ) തടി വെട്ടി എടുത്ത പ്രദേശത്തിന്റെ അഞ്ചിലൊന്നു ഭാഗം അതിനടുത്ത വർഷം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതായിരുന്നു എങ്കിലും ഈ ജോലിക്കു വേണ്ട ആളുകളെ കിട്ടാതിരുന്നതിനാൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടില്ല. ഈ വർഷം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിലേക്ക് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly